Talented Bankers Literary Panel
പുസ്തക പരിചയം 200

ജീവിതപ്പാത (ആത്മകഥ)
ചെറുകാട്.

പുസ്തകം പരിചയപ്പെടുത്തുന്നത്,
ഉണ്ണികൃഷ്ണൻ ഐ,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
ആർബിഓ തൃശൂർ.

ജീവിതപ്പാത.....

മലയാളത്തിലെ ഏറ്റവും മികച്ച ആത്മകഥ ഏതാണെന്ന് ചോദിച്ചാൽ മൂന്നിൽ ഒരാൾ പറയുന്ന ഉത്തരമാണ് ജീവിതപ്പാത - പ്രശസ്ത സാഹിത്യകാരനും കമ്മ്യൂണിസ്റ്റ് സഹയാത്രികനും ആയിരുന്ന ചെറുകാട് എന്ന ഗോവിന്ദപിഷാരടിയുടെ ആത്മകഥ.

ഈ കൃതി 1975-ൽ കേരള സാഹിത്യ അക്കാദമി പുരസ്കാരവും 1976-ൽ കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരവും നേടിയിട്ടുണ്ട്

എത്രയോ വർഷം കാത്തു വെച്ചിട്ടാണ് ഈ സുന്ദര കാവ്യം ഞാൻ വായിക്കാൻ തുടങ്ങിയത്. ഓരോന്നിനും ഓരോ സമയവും വിധിയും ഉണ്ടെന്നു പറയുന്നത് വെറുതെയല്ല.

പഴയ വള്ളുവനാട് താലൂക്കിലെ മരുമക്കത്തായ തറവാട്ടിൽ ജനിച്ച ഒരു കുട്ടി, പ്രശസ്തനായ ഒരു സാഹിത്യകാരനും കമ്മ്യൂണിസ്റ്റ് സഹയാത്രികനും ആകുന്ന യാത്രയാണ് ജീവിതപ്പാത. ഈശ്വരവിശ്വാസി ആയിരുന്ന ഒരു ബാലൻ വിപ്ലവപ്രസ്ഥാനത്തിലേക്ക് ആകർഷിക്കപ്പെടുന്ന ചരിത്രം സത്യസന്ധമായി വിവരിച്ചിരിക്കുന്നു.

ആർദ്രനായ ഒരു പച്ച മനുഷ്യന്റെ കഥ. മരുമക്കത്തായത്തിന്റെ വൈവശ്യവും ഇടത്തരക്കാരന്റെ ദൈന്യതയും സാധാരണക്കാരന്റെ ക്ലേശവും എല്ലാം ആ ജീവിതത്തിൽ ഇഴുകിച്ചേർന്നിരിക്കുന്നു.

ഇത് വെറുമൊരു ആത്മകഥ മാത്രമല്ല. 1920 മുതലുള്ള വള്ളുവനാടിന്റെ സാമൂഹിക ജീവിതം, ആ പ്രദേശത്തെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ഉദയചരിത്രം, 99ലെ വെള്ളപ്പൊക്കം മുതൽ കോളറ വരെയുള്ള പ്രകൃതി ദുരന്തങ്ങൾ, ചരിത്രമായ മരുമക്കായ വ്യവസ്ഥിതിയിലെ ജീവിതം.... അങ്ങനെ കുറേയേറെ സത്യങ്ങൾ ഈ പാതയിലൂടെ നടക്കുമ്പോൾ നമുക്ക് കാണാൻ കഴിയും...

1914 ജനിച്ച അദ്ദേഹം 1948ൽ മുപ്പത്തിനാലാം വയസ്സിൽ അറസ്റ്റു ചെയ്യപ്പെടും വരെയുള്ള കാര്യങ്ങളാണ് 528 പേജുകളുള്ള ഈ യാത്രയിൽ പറഞ്ഞുവെക്കുന്നത്.

1950 കളിൽ അദ്ദേഹം എഴുതിയ മുത്തശ്ശി എന്ന നോവൽ പത്തു വർഷം മുമ്പാണ് ഞാൻ വായിക്കുന്നത്. മലയാളത്തിലെ ഒന്നാംതരം രചനയായിട്ടും ആ നോവൽ അത്രക്കൊന്നും ചർച്ച ചെയ്യപ്പെട്ടില്ല. അതുപോലെ ആദ്യകാലങ്ങളിൽ വള്ളുവനാട്, പൊന്നാനി താലൂക്കുകളിൽ പലരും പിരിഞ്ഞു പോയിട്ടും പാർട്ടിയെ വളർത്താൻ തന്റെതായ എല്ലാം സമർപ്പിച്ച അദ്ദേഹവും മുഖ്യധാര രാഷ്ട്രീയത്തിൽ എങ്ങും എത്തിയില്ല.

പുസ്തകത്തിന്റെ പുറം ചട്ടയിൽ എഴുതിയിരിക്കുന്നു. "ഒരു കാലഘട്ടത്തിന്റെ ആനന്ദാതിശയങ്ങൾ ഇത്രമേൽ ഉണർന്നു കിടക്കുന്ന രചനകൾ ഇന്ത്യൻ സാഹിത്യത്തിൽ വിരളമാണ്" അതേ അത് ശരിയാണ്. അതുകൊണ്ടാണ് ഈ പുസ്തകം വായിച്ച് അടുത്ത പുസ്തകം ഏതെന്നു തിരഞ്ഞെടുക്കാൻ എനിക്ക് കഴിയാത്തത്.... ഇത്രത്തോളം ജീവിതവും ആത്മാവും സത്യസന്ധതയും യാത്രയും സന്തോഷവും തുടിപ്പുകളും നിറഞ്ഞ ഒരു പുസ്തകം വായിക്കാനായി ഇപ്പോൾ എന്റെ ഷെൽഫിൽ ഇല്ല. അത് കണ്ടെത്തേണ്ടിയിരിക്കുന്നു.

പ്രസാധകർ - കറന്റ് ബുക്സ്
വില - Rs. 600/-